**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 635

05.06.2018 - ൽ മറുപടിക്ക്.

## തിരുവമ്പാടി മണ്ഡലത്തിലെ വ്യവസായ പാർക്ക്

ചോദ്യം
ശ്രീ. ജോർജ്ജ് എം തോമസ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പ് മന്ത്രി).

| | | |
|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) : തിരുവമ്പാടി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ മുന്നോടിയായി സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിഭാവനം ചെയ്യുന്ന പദ്ധതികൾ വിശദമാക്കുമോ ; | (ബി) : ഒരു പ്രത്യേക ഭൂമി വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ച് അവിടെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നിവയൊരുക്കിയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസ് എടുക്കുന്നത് ഒഴിവാക്കിയും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇവിടെ ഭൂമി ലഭിക്കുന്ന സംരംഭകർ വിവിധങ്ങളായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നു. ഇത്തരത്തിലാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വിഭാവനം ചെയ്യപ്പെടുന്നത്. |
| (സി) | തിരുവമ്പാടി മണ്ഡലത്തിലെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) : സ്ഥലം ഏറ്റെടുത്താലുടൻതന്നെ വ്യവസായ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

കെ/05/06